

# ബൈബിൾ ദൂത്

# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M O. Only, Which Should Be Addressed To:

Editor,
THE BIBLE TEACHER
C-22, N D. S E. II
NEW DELHI-110049.


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിൻെറ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിററർ

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**


ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 9** **June 1995** **No. 3**

**അ**നുകരണം ഒരു ഭ്രമമായി സമൂഹത്തിൽ നിലനില്ക്കുന്നു. ഏതു രാജ്യത്തും എല്ലാ ഭാഷക്കാരിലും വർഗ്ഗക്കാരിലും ഈ വാസന കാണപ്പെടുന്നു. ഒന്നിനെ അതേപോലെ ഉൾക്കൊള്ളുക എന്നതാണ് അനുകരിക്കുക എന്നുപറഞ്ഞാൽ. ഒരാളുടെ വേഷത്തെ മറ്റൊരാൾ സ്വീകരിക്കുന്നു. ഒരാളുടെ ജീവിതശൈലിയെ മറ്റൊരാൾ പിൻപറ്റുന്നു. വളരെക്കാലം മുൻപുണ്ടായിരുന്ന പലതും ഇന്നത്തെ ഫാഷൻ ആയി ആളുകൾ എടുക്കുന്നുണ്ട്. മനുഷ്യൻ സമൂഹജീവി ആയതുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത് എന്ന് പലരും പറഞ്ഞേക്കാം. യഥാർത്ഥത്തിൽ നാം എന്താണ് അനുകരിക്കേണ്ടത് ? നന്മയെ അനുകരിക്കാനും തിന്മയെ തള്ളിക്കളയുവാനും ആണ് നാം ശ്രമിക്കേണ്ടത്. സത്യവും നീതിയും അനുകരിക്കണം. അസത്യത്തെയും അനീതിയേയും അനുകരിക്കാതിരിക്കണം. ദൈവത്തിന്റെ വഴിയാണ് പിൻപറ്റേണ്ടത്. എന്നാൽ ഭൂരിഭാഗം പേരും മനുഷ്യരുടെ വഴി അനുകരിക്കുന്നു. ഈ വ്യഗ്രതയാണ് നമ്മെ അധഃപതിപ്പിക്കുന്നത്. നാം വിജയിക്കണമെങ്കിൽ അനുകരിക്കേണ്ടത് ക്രിസ്തുവിനെയാണ്.



# നമുക്ക് എന്തു സംഭവിച്ചു?

J. C. ചോട്ട്

**അ**ടുത്ത സമയത്ത് ഒരു പ്രസിദ്ധ നൃത്ത ഗായകൻ ആത്മഹത്യ ചെയ്തു. വിദേശ വർത്തമാന പത്രങ്ങളിൽ അദ്ദേഹത്തിന്റെ ജീവചരിത്രത്തേയും അദ്ദേഹം രചിച്ച സംഗീതങ്ങൾ, തന്റെ കൈകൾ കൊണ്ട് എഴുതി റെക്കോർഡ് ചെയ്തവ, അദ്ദേഹത്തിന്റെ ജീവിത ശൈലിയേയും വിവരിച്ചുകൊണ്ട് എഴുതിയിരിക്കുന്നതു വായിച്ചപ്പോൾ ഞാൻ അതിശയിച്ചുപോയി. ജീവിതത്തോടുകൂടെ അപ്രതീക്ഷിതമായി മയക്കുമരുന്നിനു അയാൾ അടിമപ്പെട്ടിരുന്നു. അയാൾ എഴുതിയ പാട്ടിന്റെ വൈകാരികമായ കാവ്യാത്മകതയിൽ ആ ജീവിത രീതിയുടെ പ്രതിധ്വനി ഉണ്ടായിരുന്നു. ഇതെല്ലാം ആ ലേഖനത്തിൽ പ്രതിപാദിച്ചിരുന്നു. അതിൽ കൊടുത്തിരുന്ന ചിത്രങ്ങൾ പരിശോധിച്ചാൽ നീണ്ട മുടിയും വളഞ്ഞു പുളഞ്ഞു കിടക്കുന്ന താടിയും ഉള്ള ഒരു യുവാവ് എന്നു തോന്നിപ്പിക്കും. ഈ ചെറുപ്പക്കാരനു തന്റെ ആത്മാവിനെ നശിപ്പിക്കാൻ എന്തു സംഭവിച്ചു എന്നു ചിന്തിച്ചു പോകും.

ഈ വാർത്ത വർത്തമാന പത്രങ്ങളിലും മാസികകളിലും മാത്രമല്ല വന്നിട്ടുള്ളത്. മിക്കവാറും എല്ലാ റേഡിയോകളിൽ കൂടെയും ഈ വാർത്ത പ്രചരിച്ചതായി തീർച്ചയുണ്ട്. ഒരു വലിയ ദേശീയ നായകൻ മരിച്ച പ്രഭാവത്തോടെയാണ് **M T V** ഇതിനെ പ്രദർശിപ്പിച്ചത്. അയാൾ രചിച്ച ഗാനങ്ങൾ അടുക്കായി പ്രസിദ്ധീകരിച്ച ആൽബം ഏതാണ്ട് 10 ദശ ലക്ഷം കോപ്പിയിലധികം വിററഴിച്ചിട്ടുണ്ട്. രണ്ടാമത് ഇറക്കിയ ആൽബവും അതുപോലെ പ്രചുര പ്രചാരം ലഭിക്കയുണ്ടായി. ഈ നായകനു, തനിക്കും തന്റെ കൈകൾക്കും ഇതെങ്ങനെ ചെയ്യാൻ കഴിഞ്ഞു ? എങ്ങനെ പ്രസിദ്ധനാകാൻ പററി ? എങ്ങനെ ചെറുപ്പക്കാർക്കിടയിൽ ഹരമാ.

കാൻ സാധിച്ചു ? എന്നിവയെല്ലാം അയാൾക്ക് മനസിലാക്കാൻ പ്രയാസമേറിയ കാര്യമായിരുന്നു എന്ന് ചിത്രീകരിച്ചിരിക്കയാണ്. നിരവധി യുവാക്കൾ അയാളുടെ ഗാനങ്ങളിൽ ആകൃഷ്ടരായിരുന്നു. പക്ഷെ എങ്ങനെയാണ് കുഴപ്പം സംഭവിച്ചത് ?

അദ്ദേഹത്തെ മാനിക്കാതെ മോശമായി ചിത്രീകരിക്കുകയല്ല, പക്ഷെ ഇതെല്ലാം വായിച്ചു കഴിഞ്ഞപ്പോൾ അന്തിമമായി എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞതു: അയാളെ എനിക്കു സഹായിക്കാൻ കഴിഞ്ഞില്ല എന്നത് വാസ്തവം. അതേസമയം അയാൾ കലക്കത്തിലായിരിക്കുന്ന യുവ തലമുറയെ ഒരു നിയമ രക്ഷാ ബഹിഷ്കൃതൻ എന്ന നിലയിൽ തൻെറ പാതയിൽ പിൻപററുവാൻ ആഹ്വാനം നടത്തുകയായിരുന്നു. അധികനാൾ അങ്ങനെ തുടർന്നാൽ അതിൻെറ ഫലം മററൊന്നായിരിക്കയില്ല. അദ്ദേഹത്തിൻെറ കവിതകളെപ്പററി എഴുതിയ എഴുത്തുകാരെല്ലാം സൂചിപ്പിച്ചിരിക്കുന്നത് മഹത്തായ ഗാനങ്ങൾ എന്നാണ്. ബുദ്ധി ജീവിയുടെ ഭാവനാ ശകലങ്ങളായിരുന്നു അവയെന്നർത്ഥം. ആ എഴുത്തുകാരുടെ പേരൊന്നും ഞാൻ വെളിപ്പെടുത്തുന്നില്ല. അങ്ങനെ ചെയ്താൽ ഞാൻ അവരെ ബഹുമാനിക്കുന്നില്ല എന്നുവരുമല്ലോ.

അയാളുടെ ബുദ്ധി വൈഭവത്തിന് ഉദാഹരണമായി കൊടുത്ത വരികൾ എനിക്കു തോന്നിയതു കലക്കത്തിലും പരിഭ്രമത്തിലും കുത്തഴിഞ്ഞ ജീവിതം നയിച്ച ഒരാളിൽ നിന്നാണ് വന്നതെങ്കിലും, മോശമായ സമനില തെററിയ, എല്ലാവരിലും എല്ലാററിലും താഴെക്കിടയിലുള്ള അനുയോജ്യമല്ലാത്ത നിഷേധവും മത്സരവും ഉള്ള, യാതൊന്നും വാഗ്ദാനം ചെയ്യാൻ പര്യാപ്തമല്ലാത്തവ എന്നാണ്. അങ്ങനെയുള്ള ഒരാൾ തൻെറ സ്വന്തം ജീവൻ എടുത്തുകളഞ്ഞു. ജീവിതത്തിൽ ഈ സാഹചര്യം വരെ ജീവിക്കയും അവരുടെ ചിന്തയും ജീവിത വഴിയും നിമിത്തം ഇങ്ങനെ അന്ത്യം.

കുറിക്കുക എന്നത് എത്ര ഖേദകരമാണ് എന്നോർക്കുക. ഇതുപോലെയുള്ള ആളുകൾ ധാരാളം ഉണ്ട്. പക്ഷേ നാശകരമായ അന്ത്യം വിതയ്ക്കുന്ന ഈ മനുഷ്യർ എന്തുകൊണ്ട് ഇങ്ങനെ പ്രവർത്തിക്കുന്നു ?

ഇതൊരു ഒററപ്പെട്ട സംഭവമായി തള്ളിക്കളയാവുന്നതല്ല. ജീവിതത്തിൻെറ അർത്ഥവും മൂല്യവും തിരിച്ചറിയാൻ ശരിയായ ശ്രമം നടത്തുന്നില്ല എന്നതാണ് വാസ്തവം. നമുക്ക് വാസ്തവത്തിൽ എന്തു സംഭവിച്ചു ? തരംതാഴ്ന്ന ജീവിത നിലവാരം പുലർത്തി പുറപ്പെടുവിക്കുന്നതെന്തും വിലകൊടുത്തു വാങ്ങി അവരെ ആദരിക്കയും മഹത്വപ്പെടുത്തുകയും അവരുടെ സ്വാധീന വലയത്തിൽ എത്തത്തക്കവിധം ഇന്നത്തെ യുവതലമുറയ്ക്ക് എന്തുപററി ? ഏതുതരം യുവാക്കളും മുതിർന്നവരുമാണ് ഇതിനെ വളർത്തുന്നത് ? അവരാരും സമർത്ഥരല്ല. തീർച്ചയായും ഈ സ്വാധീന ശക്തി അവരെ ശ്രേഷ്ഠമായ ജീവിതത്തിലേയ്ക്കല്ല നയിക്കുന്നത്. അധാർമ്മിക ജീവിതം നയിക്കുന്നവരുടെ ചിന്തകൾ ശിഥിലീകരിച്ചതായിരിക്കും. അവരുടെ ഉള്ളിലുള്ള വിചാരങ്ങളാണല്ലോ പുറത്തുവരുന്നത്. ലോകപ്രകാരം ചിന്തിക്കുന്ന ആളുകൾക്ക് അങ്ങനെ മാത്രമേ ചിന്തിക്കാൻ കഴിയു. ലക്കുകെട്ട രീതിയിൽ ജീവിക്കുന്ന ഒരാളുടെ കവിതയോ അല്ലെങ്കിൽ മററു രചനകളോ സ്വീകരിക്കുന്നവരും ആ രീതിയിൽ ചിന്തിക്കുന്നവരാകാം. നീതിപൂർവ്വം ജീവിക്കയും കഴിവുകൾ ഉപയോഗിക്കയും ചെയ്യുന്ന എത്രയോ പേർ ആരും അറിയാതെ ഇരിക്കുന്നു. വശ്യത ലോകത്തിൽ മുന്തി നില്ക്കുന്നതു ഇത്തരം പ്രവണതകളിലാണ് എന്ന് പറയാതെ വയ്യ.

ഇത്തരം സംഗീതജ്ഞരുടെ അലമുറയിട്ടുള്ള സ്വരവും ഗ്രഹിക്കാൻ പററാത്ത പദ പ്രയോഗങ്ങളും നാദഭേദം തിരിച്ചറിയാൻ പററാത്ത ഉപകരണങ്ങളും ചേർന്നുള്ള ഈ കൂത്തുകാഴ്ച ഒരേ മനസുള്ളവരായ യുവാക്കളെ ആകർഷിപ്പിക്കുന്നു എന്നു പറഞ്ഞാൽ അതിൽ അതിശയോക്തി

ഇല്ല. അത്തരം കാസററുകളും ആൽബവും അവർ വാങ്ങി വീടുകളിൽ ഇട്ട് കേരംക്കുകയും കാണുകയും ചെയ്യുന്നു. വിനോദത്തിൻെറ പേരിലാണ് ഇത് നടക്കുന്നത്. പക്ഷെ ഈ വിധവിനോദം അർത്ഥശൂന്യമാണ്. റെക്കോർഡ് ചെയ്തശേഷം റേഡിയോ നിലയങ്ങരം ആവർത്തിച്ച് ആവർത്തിച്ച് പുറപ്പെടുവിക്കുമ്പോരം യുവതീയുവാക്കരം അതിനൊത്ത് ഇളകുന്നു. പക്വതയില്ലാത്ത മനസ്സുള്ളവർ അതു വാങ്ങുവാനായി പണം ചെലവിടുന്നു. വർഷങ്ങരംക്കുമുൻപ് റെക്കോർഡ് ചെയ്യാതെ അവഗണിക്കപ്പെട്ട ഗാനങ്ങളാണ് ചിലത്. നാം സഞ്ചരിക്കുന്നതു താഴോട്ടുള്ള പാതയിൽ കൂടെയാണ്. കുറച്ചുകൂടെ വ്യക്തമായി പറഞ്ഞാൽ മോശമായതിൽ നിന്ന് ഏററവും മോശമായവയിലേക്ക് കുതിക്കുകയാണ്. നാം അടിയിലാണ് തട്ടുന്നത്. സൂക്ഷ്മമായി ചിന്തിച്ചാൽ ഇവർ, അധഃപതിച്ച നിലയിലുള്ള കൂത്തുകാഴ്ച അവതരിപ്പിക്കുന്നവരെ പ്രോൽസാഹിപ്പിക്കുന്നവർ ചീഞ്ഞുനാറുന്ന അവശിഷ്ടങ്ങരം കിടക്കുന്നത് ആഴത്തിൽ കുഴിക്കുന്നതുപോലെയാണ്. നമ്മുടെ സമൂഹം വളരുകയാണോ അതോ പ്രാകൃതമാകുകയാണോ ? ഗഹനമായി നാം ഓരോരുത്തരും ചിന്തിക്കേണ്ടതാണ്.

ഈ വിധത്തിലുള്ള മദ്ധ്യവർത്തികളായ കലാകാരൻമാരും ഗായകൻമാരും കാഴ്ചവെക്കുന്ന ജഢിലമായ വിരുതുകരം മൂലമാണ് ഇന്നത്തെ സമൂഹത്തിലെ ദുർവാസനക്കു കാരണം. അധാർമ്മിക ലൈംഗിക വാസന, വിച്ഛേദിക്കപ്പെടുന്ന കുടുംബങ്ങരം, കവർച്ച, കൊലപാതകം, അസഭ്യ ശൈലികരം, അക്രമങ്ങരം, മററ് അനവധി കുററകൃത്യങ്ങരം എന്നിവ വർദ്ധിച്ചു പെരുകുവാൻ ഇവ കാരണമാകുന്നു. ഉപയോഗശൂന്യവും മാലിന്യവും ആയ ഈ ദുരുചികരമായ വാസനകളെ പലരും ന്യായീകരിച്ചുകൊണ്ട് അതൊന്നും ആളുകളെ മോശമാക്കുകയില്ല എന്ന് പറയാറുണ്ട്. അത് ശരിയല്ല. ഇത് തികച്ചും ആളുകളെ

സ്വാധീനിക്കും, അവരുടെ ജീവിത രീതിയേയും അതു ബാധിക്കും. ആർക്കും നിഷേധിക്കാൻ സാദ്ധ്യമല്ലാത്ത വിധം അനന്തരഫലങ്ങൾ സുവ്യക്തമായി നിലകൊള്ളുന്നു. ഈ പ്രവർത്തികളെ അംഗീകരിക്കുന്നവരാണ് പ്രശ്നത്തിന്റെ ഒരു ഭാഗം എന്നതിൽ തർക്കമില്ല.

നല്ലൊരു സമൂഹത്തെ വാർത്തെടുക്കുവാൻ സഹായകരമായ എന്തെങ്കിലും നല്ലവശം ഈ ഗായകന്മാരിലും കവികളിലും ഉപകരണങ്ങൾ ഉപയോഗിക്കുന്നവരിലും കാണപ്പെടുന്നുണ്ടോ ? ചിലർ പറഞ്ഞേക്കാം അതിൽനിന്ന് കിട്ടുന്ന പണം കൊണ്ട് എത്രയോ നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ട് എന്ന്. പക്ഷെ നാശം വിതച്ച് നന്മ കൊയ്യാമെന്ന് ആരും വിചാരിക്കണ്ട. അടിസ്ഥാനം മോശമാണെങ്കിൽ അതിന്റെ മുകളിൽ നിലനില്പില്ല എന്നോർക്കണം. അങ്ങനെയെങ്കിൽ വ്യഭിചാരം ചെയ്തുണ്ടാക്കുന്ന പണം അനവധി പാവപ്പെട്ടവർക്ക് നല്കുന്നവരുണ്ട്. അവരെയും ഇക്കൂട്ടർ ന്യായീകരിക്കും. സാമാന്യ ബുദ്ധിയുള്ള ആർക്കും ഇത്തരം മാനുഷിക ബലഹീനതകളെ സ്വീകരിക്കാൻ തോന്നുകയില്ല.

പ്രിയ സ്നേഹിതരേ, നാം പോകുന്ന ദിശയെക്കുറിച്ച് നാം സുബോധമുള്ളവരായിരിക്കണം. എന്തെങ്കിലും കാര്യമായി പെട്ടെന്ന് സംഭവിച്ചില്ലെങ്കിൽ ഇതിനു വ്യത്യാസം വരുന്നില്ല. നമുക്കു ചുററുപാടും കാണുകയും കേൾക്കുകയും ചെയ്യുന്നതിനെ നാം ഗൗരവമായി ചിന്തിച്ച് പരിഗണിക്കണം. ചില കാര്യങ്ങൾ നല്ലതിനായി നമുക്കു മാററിക്കൂടേ ? നമ്മിൽത്തന്നെ അത് ആരംഭിച്ചുകൂടെ ? തീർച്ചയായും ശ്രേഷ്ഠമായ വഴിയുണ്ട്. അതു കർത്താവിന്റെ വഴിയാണ്. സ്വന്തവഴിയിൽ ഊന്നി കാര്യങ്ങൾ പ്രവർത്തിക്കുന്ന ആരും അവർക്കോ സമൂഹത്തിനോ, രാജ്യത്തിനോ ലോകത്തിനോ യാതൊരു നന്മയും പ്രദാനം ചെയ്തിട്ടില്ല. നിങ്ങൾ എന്തു വിചാരിക്കുന്നു ?

★

കവിത

# "നീരുറവയും തേടി"

അനീഷ് വാരിക്കുഴി

അലഞ്ഞുഞാനൊരിററു നീരുറവയ്ക്കായി
ഉലഞ്ഞുയെൻ ജീവിതം മരുഭൂമിയിൽ
മനസ്സിലൊരായിരം പാപചിന്തകം-
വിനയായി വന്നിടുന്നു മരീചികയിൽ.
അന്തരാത്മാവെന്നും ശൂന്യത !
അതുതന്നെയെൻ തീരാദാഹം.
ഹൃദയമൊരു പാപത്തിൻ പണിശാലയോ,
ദുഷ്കൃത സാത്താനതിലെ നായകനോ ?
മനമാകെ കലങ്ങി, വഴിതെററി
വിനമാത്രമെന്നും മുന്നിൽ തങ്ങി !
ആത്മദാഹം തീർക്കാനൊരിററു നീരുറവയ്ക്കായി,
അലഞ്ഞു ഞാനുലകിൽ ആത്മശാന്തിക്കായി.
മുട്ടിവിളിച്ചിതെൻ മനം നൊന്തെത്രയോ-
വട്ടം; മുട്ടിയാൽ തുറക്കാത്ത വാതിലുകം.
സാത്താനവനെ ഹൃത്തിൽ നിന്നും-
തൂത്തെറിയുവാനെന്തു മാർഗ്ഗം ?
കണ്ടു ഞാനിന്നു ദിവ്യതേജസ്
പണ്ടു ഞാനറിഞ്ഞത് മിഥ്യാതേജസ് !
മുട്ടിവിളിച്ചു ഞാനെൻ കർത്താവിനോട്
മുട്ടിയപാടേ കേട്ടു വിളിയെൻ യേശുനാഥൻ.
പാപമൊഴിഞ്ഞൊരു നിർമ്മലഹൃത്തിൽ
പാടേയില്ല സാത്താൻെറ കരങ്ങളം
മനമാകെ തെളിഞ്ഞു വിളങ്ങി
മനമാകെ പരന്നു ദിവ്യപ്രഭ !
നന്ദിയ്ക്കതീരില്ലെൻ നാഥനോടെനിക്ക്
നാന്ദികുറിച്ചൊരു നവജന്മത്തിന്.

# ഹാബേലിന്റെ വ്യാഖ്യാനശൈലി

വിൻഫ്രെഡ് ക്ലാർക്ക്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

അത് സ്ത്രീയോട്: തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്ന് ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു (ഉല്പത്തി 3:1). പിന്നീട് ദൈവ വചനത്തെ തെറ്റായി വ്യാഖ്യാനിക്കുന്ന സാത്താനെ നോക്കുക. പാമ്പ് സ്ത്രീയോട്: നിങ്ങൾ മരിക്കയില്ല നിശ്ചയം (ഉല്പത്തി 3:4). ദൈവം എന്ത് അർത്ഥമാക്കിയോ അതിനെ തെററിച്ചുകളയുന്ന വ്യാഖ്യാനമാണ് സാത്താന്റേത്.

ഏദെൻ തോട്ടത്തിൽ ദൈവ കല്പന സ്പഷ്ടമായി കൊടുത്തിട്ടും അതിനെ ദുർവ്യാഖ്യാനം ചെയ്തതിന്റെ ഫലം എത്ര ദാരുണമായി തീർന്നു എന്ന് ഓർക്കുക. "അതു തിന്നുന്ന നാളിൽ നീ തീർച്ചയായും മരിക്കും" എന്നു ദൈവം അരുളിച്ചെയ്തിരുന്നു (ഉല്പത്തി 2:17). അടയാളപ്പെടുത്താവുന്ന വ്യത്യാസം ഹാബേലിന്റേയും സാത്താന്റേയും വ്യാഖ്യാനത്തിൽ ഉണ്ട്.

കയ്യീന്റേയും ഹാബേലിന്റെയും പ്രവൃത്തിയിൽ ഒരു വ്യത്യാസം തെളിവായി കാണുന്നുണ്ട്. ഹാബേൽ അർപ്പിച്ചതിൽ നിന്നും വിഭിന്നമായ യാഗമായിരുന്നു കയ്യീൻ ദൈവത്തിനു അർപ്പിച്ചത് (ഉല്പത്തി 4:3). ഈ യാഗം ദൈവം സ്വീകരിച്ചില്ല. ദൈവത്തിന്റെ അംഗീകാരം അതിനുണ്ടായിരുന്നില്ല. ദൈവ കല്പന രണ്ടുപേർക്കും ഒരുപോലെയായിരുന്നു. അങ്ങനെ കൊടുക്കാതിരുന്നെങ്കിൽ ദൈവം മുഖപക്ഷം കാണിക്കുന്നവൻ എന്നു വരുമാ

യിരുന്നു. പക്ഷെ കർത്താവ് അത് രണ്ടുപേർക്കും ഒരേ രീതിയിലാണ് കൊടുത്തിരുന്നത്. ഇവിടെ വ്യത്യാസം വരുത്തിയതെന്താണ് ? വ്യാഖ്യാനത്തിൽ വരുത്തിയ വ്യത്യാസമാണ്. ദൈവത്തിന്റെ മൗനം, ശരിയായ വഴിപാടിനു പകരം മറ്റൊന്നു ചെയ്യുവാൻ അവർ വ്യാഖ്യാനം കണ്ടെത്തുകയായിരുന്നോ ? നിങ്ങൾക്കറിയാമല്ലോ. ദൈവത്തിന്റെ നിശബ്ദതയെ മുതലെടുത്തുകൊണ്ട് പലരും പല വ്യാഖ്യാനങ്ങളുടെ ഫലമായി 'വിശ്വാസത്തിലും, അനുസരണത്തിലും ആരാധനയിലും അവരുടെ ഇഷ്ടങ്ങൾ പാലിച്ചു പോവുകയാണ്.

ഹാബേലിന്റേയും സാത്താന്റേയും വ്യാഖ്യാനത്തിൽ വ്യത്യാസം ഉണ്ടായിരുന്നു. ഹാബേലിന്റേയും കയ്യീന്റേയും വ്യാഖ്യാനത്തിൽ വ്യത്യാസം ഉണ്ടായിരുന്നു. എന്തു മാറ്റം വേണമായിരുന്നു എന്നാണ് നിങ്ങൾ കരുതുന്നത് ? തന്റെ പ്രത്യേകതയുള്ള സ്വഭാവം കൈവെടിഞ്ഞ് കയ്യീനേയും സാത്താനേയുംപോലെ ആകണമായിരുന്നോ ? അവർ രണ്ടുപേരും സ്വീകരിച്ച പുതിയ വ്യാഖ്യാനം അവനും സ്വീകരിക്കണമായിരുന്നോ ? വിലക്കപ്പെട്ട ഫലം പറിച്ചതിന് ഒരുമാറ്റം അനുവദിക്കയോ അതോ അധികാരപ്പെടുത്താത്ത വഴിപാട് ദൈവത്തിന് അർപ്പിക്കുകയോ ? മറ്റുള്ളവരുടെ വ്യാഖ്യാനം എന്തു തന്നെയായാലും എല്ലാവരുടേയും വ്യാഖ്യാന രീതി ദത്തെടുക്കാമോ ? ഒരു നിമിഷം നിന്നു ചിന്തിക്കുക. കയ്യീൻ ദൈവത്തിനു അർപ്പിച്ചതു പോലെയുള്ള യാഗമാണ് ഹാബേലും കൊണ്ടു വന്നതെങ്കിൽ ദൈവം സ്വീകരിക്കാത്ത ഒന്നിനെയായിരിക്കും അവൻ തിരഞ്ഞെടുക്കുക. ഓർമ്മിക്കുക, കയ്യീനിലും അവന്റെ വഴിപാടിലും ദൈവം പ്രസാദിച്ചില്ല (ഉല്പത്തി 4:5). ദൈവത്തിന് എതിരായി പ്രവർത്തിക്കുന്ന ഒരു വ്യാഖ്യാന ശൈലി ഏറ്റെടുക്കാൻ നാം ആരെയെങ്കിലും ഉപദേശിക്കുമോ ?

കയ്യീനും ഹാബേലും ഒരു ഐക്യ ശ്രമത്തിന് യോഗം ചേരുന്നു എന്നു വിചാരിക്കുക. വ്യാഖ്യാന വിഷയവും ഇടയിൽ വന്നു ചേർന്നു എന്നു കരുതുക. നമ്മളെത്തമ്മിൽ ഭിന്നിപ്പിക്കുന്ന ഒന്നാണ് നിൻെറ വ്യാഖ്യാനമെന്ന് കയ്യീൻ ഹാബേലിനോടു പറഞ്ഞു എന്ന് ഊഹിക്കുക. ഈ സന്ദർഭത്തിൽ ഹാബേൽ എന്തു ചെയ്യുമെന്നാണ് നിങ്ങൾക്കു തോന്നുന്നത് ? "അതു നമ്മെത്തമ്മിൽ അകററും" എന്നു പറഞ്ഞുകൊണ്ട് ഹാബേൽ തൻെറ വ്യാഖ്യാന രീതി മാററുമായിരുന്നോ ? ദൈവത്തെ പ്രസാദിപ്പിക്കുന്ന രീതി കയ്യീൻ പോലുള്ളവർ പറഞ്ഞാൽ അതുമാററി പ്രസാദകരമല്ലാത്ത രീതിയെ അവലംബമാക്കാമോ ? ഒരിക്കലുമില്ല. ഹാബേൽ ചെയ്തു എന്നുള്ളതുകൊണ്ട് ദൈവം സ്വീകരിക്കയില്ല. ദൈവത്തിൻെറ അംഗീകാരമില്ലാത്ത ഏതൊന്നുകൊണ്ടും ഉണ്ടാകുന്ന ഐക്യതക്കു വിലയില്ല. ക്രിയാത്മകമായ ഐക്യത ദൈവ വ്യവസ്ഥയ്ക്കനുസരിച്ചുള്ള ഒന്നാണ്.

## അവൻെറ വ്യാഖ്യാനം ശരിയായ ഉപസംഹാരത്തിലേക്കു നയിക്കുന്നു

ഹാബേലിനോട് ഒരു മൃഗയാഗം അർപ്പിക്കണമെന്നു ദൈവം ആവശ്യപ്പെട്ടപ്പോൾ അവന്നു ദൈവ വചനം ഉണ്ടായിരുന്നു. അപ്പോൾ നല്കപ്പെട്ട നിർദ്ദേശം എങ്ങനെ മാനിക്കും ? അവൻ അത് എങ്ങനെ വ്യാഖ്യാനിക്കും ? തെററായ അന്ത്യത്തിലേക്കു നയിക്കുന്ന രീതിയിൽ അതിനെ വ്യാഖ്യാനിക്കാമോ ? തെററായ അന്ത്യം കുറിക്കുന്ന വ്യാഖ്യാനം ഒരാൾക്കു എടുക്കാൻ കഴിയും എന്നതിനു ഉദാഹരണമാണ് കയ്യീൻ.

എന്നാൽ ഹാബേലിൻെറ വ്യാഖ്യാനം ശരിയായ അന്ത്യത്തിലേക്കുള്ളതായിരുന്നു. അവൻ കൊണ്ടുവന്ന വഴിപാട് ദൈവം അംഗീകരിച്ചു. അത് ആശ്വാസം ജനിപ്പിക്കുന്ന ചിന്തയായിരുന്നു. ദൈവവചനത്തിൽ ദൈവം അർത്ഥമാ

ക്കിയിട്ടുള്ള കാര്യങ്ങൾ അതേപോലെ നാം എടുത്താൽ അതിൽ പറഞ്ഞിരിക്കുന്നതു അങ്ങനെതന്നെ നാം ചെയ്യും. അപ്പോൾ ദൈവം അതു സ്വീകരിക്കും എന്നു സംശയാതീതമായി നമുക്ക് ഉറപ്പിക്കാം. അപ്പോൾ നാം അന്തിമമായി എടുക്കുന്ന തീരുമാനം ശരിയായിരിക്കും എന്നു നമുക്ക് അറിയാം.

ഹാബേൽ തന്റെ വ്യാഖ്യാന ശൈലിയനുസരിച്ച് പ്രവർത്തിക്കാൻ കയീനെ അവൻ ഉപദേശിച്ചു കാണുമോ ? അതു ചെയ്യുവാൻ കയീനെ പ്രേരിപ്പിച്ചില്ലെങ്കിൽ സഹോദരനോടുള്ള കരുതലില്ലായ്മ ഒരു അപരാധമായി അവൻ കാണേണ്ടതല്ലേ ? നിങ്ങൾക്കറിയാം അതിന്റെ ഉത്തരം.

വ്യാഖ്യാന കാര്യത്തിൽ ഹാബേൽ അവനു യാതൊരു ഒഴിവു കഴിവും കൊടുക്കാത്ത രീതിയിൽ ഒരു മാതൃകയായി അവശേഷിച്ചു. നമുക്കു ഒരു ദൃഷ്ടാന്തമായി ഇന്നും രേഖപ്പെടുത്തിയിരിക്കുന്നത് തെളിവായിട്ടുണ്ട്. ശരിയായ തീരുമാനം എടുക്കുവാൻ ഹാബേലിന്റെ വ്യാഖ്യാന രീതി ബൈബിളിൽ വിവരിച്ചിരിക്കയാണ്. ദൈവ ജനത്തെയോജിപ്പിക്കുന്ന മാർഗ്ഗം ഇതൊന്നല്ലാതെ മറ്റൊന്നല്ല. ദൈവത്തിന്റെ പ്രസാദവും അംഗീകാരവും ഏതിലും ഉറപ്പുവരുത്തുക. ഇതിനപ്പുറമായി ചോദിക്കുവാനോ പ്രവർത്തിക്കുവാനോ നമുക്കു അവകാശമില്ല.

തിരുവചനത്തെ അതിന്റെ വ്യാഖ്യാന രീതിയിൽ തന്നെ നാം മനസിലാക്കണം. മനുഷ്യ ബുദ്ധിയിൽ തോന്നുന്ന വ്യാഖ്യാനം അതിനു കൊടുക്കരുത്. മനുഷ്യബുദ്ധിയേക്കാൾ കവിയുന്ന ദൈവീക പരിജ്ഞാനം നേടുക; ആത്മീയമായി വിവേചിക്കുക.

★

സ്ത്രീകൾക്കു വേണ്ടി

# സ്ത്രീയുടെ വില

ബെററി B. C.

## അവളുടെ സ്വാധീനത്തിൽ

**സ്വാ**ധീനം എന്നു വാക്കിന്റെ ഒരു നിർവ്വചനം, "മനുഷ്യന്മേലോ വസ്തുക്കളിന്മേലോ ചെലുത്തുന്ന ശക്തി" എന്നതാണ്. ആളുകളെ പണിതു അവരെ ശ്രേഷ്ഠമായ രീതിയിൽ വളർത്തി ദൈവത്തോട് അടുപ്പിക്കുന്നതിന് ഒരു ആയുഷ്ക്കാലം മുഴുവൻ ചെലവിട്ടേക്കാം., അതല്ലെങ്കിൽ ചിലർ, ദൈവേഷ്ടപ്രകാരം ജീവിക്കുന്ന ആളുകളെ ദൈവത്തിൽ നിന്നും അകററിക്കൊണ്ടുപോകാൻ ചിലരുടെ ആയുഷ്ക്കാലം ഉപയോഗിച്ചേക്കാം. മററുള്ളവരിൽ ഏതുതരം സ്വാധീനശക്തിയാണ് ചെലുത്തേണ്ടതെന്നു തീരുമാനിക്കേണ്ടത് നമ്മം ഓരോരുത്തരുമാണ്.

ഇസ്രായേൽ ദേശത്തെ ഭരിച്ച രാജാവായിരുന്ന ആഹാബിന്റെ ചരിത്രം 1രാജാക്കന്മാരുടെ പുസ്തകം 17-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നുണ്ട്. തനിക്കു മുമ്പുണ്ടായിരുന്നവരേക്കാരം ദൈവ മുൻപാകെ ദുഷ്ടത പ്രവർത്തിച്ചവനായിരുന്നു ആഹാബ് എന്ന് ചരിത്രം വ്യക്തമാക്കുന്നു.

ബാൽ വിഗ്രഹത്തെ സേവിച്ചു വണങ്ങിയിരുന്ന ഈസെബേലിനെ അവൻ തന്റെ ഭാര്യയായി എടുത്തു. അതിന്റെ ഫലമായി എന്തു സംഭവിക്കുന്നു എന്നു നോക്കുക. ആഹാബ് പോയി ബാലിനെ വണങ്ങി സേവിച്ചു. പിന്നീട് ശമര്യയിൽ ബാൽ ക്ഷേത്രത്തിൽ ബാലിന്റെ ഒരു വിഗ്രഹവും യാഗ പീഠവും ഉണ്ടാക്കി. തനിക്കു മുൻപു

ണ്ടായിരുന്ന ഇസ്രായേലിലെ മററു രാജാക്കന്മാരേക്കാൾ ദൈവത്തിനു കോപവും ക്രോധവും ജനിപ്പിക്കുന്ന ദുഷ്ടതയും അധർമ്മവും അവൻ ചെയ്തു.

സ്വർഗ്ഗസ്ഥനായ ദൈവത്തെ ആരാധിക്കുന്ന ഒരു പങ്കാളിയെ വിവാഹം കഴിക്കുന്നതിനു പകരം ദുഷ്ടനും ബലഹീനനുമായ ആഹാബ് ബാലിനെ സേവിക്കയും ആരാധിക്കയും ചെയ്യുന്ന ഒരു സ്ത്രീയെ തിരഞ്ഞെടുത്തു. ഈസെബേലിനു എന്തെങ്കിലും സ്വാധീനം ഉണ്ടായിരുന്നോ ? അവളുടെ സ്വാധീന ശക്തിയാൽ മൊത്തത്തിൽ ആളുകളെ മാററുവാൻ അവൾക്കു കഴിഞ്ഞോ ? അതു മനസ്സിലാക്കുവാൻ 1രാജാക്കന്മാരുടെ പുസ്തകം 21-ാം അദ്ധ്യായം 25-ാം വാക്യം വായിക്കണം. "എന്നാൽ യഹോവെക്കു അനിഷ്ടമായുള്ളത് ചെയ്വാൻ തന്നെത്താൻ വിററുകളഞ്ഞ ആഹാബിനെപ്പോലെ ആരും ഉണ്ടായിട്ടില്ല, അവന്റെ ഭാര്യ ഈസെബേൽ അവനെ അതിനായി ഉത്സാഹിപ്പിച്ചിരുന്നു.

ഈസെബേലിന്റെ സ്വഭാവവും അവളുടെ പ്രവൃത്തിയും തിരുവചന വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ അവളിൽ ഉൾക്കൊണ്ടിരുന്ന ദുഷ്പ്രവണതകൾ കാണാവുന്നതാണ്. നിഷേധാത്മകമായ പ്രവൃത്തികൾക്കാണ് ചിലർക്കു താല്പര്യം. അതിന്റെ പരിണിത ഫലങ്ങൾ അവർക്കു ഊഹിക്കാൻ പററാത്ത വിധമായി തീരുകയും ചെയ്യും. സർവ്വശക്തനായ ദൈവത്തിനെതിരായിട്ടാണ് ഇവർ തങ്ങളുടെ ഇഷ്ടത്തെ ഉപയോഗിക്കുന്നത്.

1. ഈസെബേൽ യഹോവയുടെ പ്രവാചകന്മാരെ കൊന്നുകൊണ്ടിരിക്കയാണ്. അതിൽനിന്നു തെററി ഒഴിഞ്ഞത് ഏലിയാവ് മാത്രം (1 രാജാക്കന്മാർ 18:4). "പിന്നെ ഏലിയാവ് ജനത്തോടു പറഞ്ഞതു; യഹോവയുടെ പ്രവാചകനായി ഞാൻ ഒരുത്തൻ മാത്രമെ ശേഷിച്ചിരിക്കുന്നു.

ള്ളൂ. ബാലിൻെറ പ്രവാചകന്മാരോ 450 പേരുണ്ട്'' (1 രാജാക്കന്മാർ 18:22).

2. ഈസെബേലിൻെറ മേശയിൽ നിന്നു ഭക്ഷണം കഴിച്ചു വന്നിരുന്ന 450 പ്രവാചകന്മാർ ഉണ്ടായിരുന്നു. അവർ കനാനിലെ അശേരാ ദേവതയെ സേവിച്ചു വന്നവരായിരുന്നു. ഇതിൻെറയെല്ലാം പിന്നിൽ പ്രവർത്തിച്ചിരുന്നത് ഈസെബേലിൻെറ കുബുദ്ധിയായിരുന്നു. കള്ളപ്രവാചകന്മാരെയും തെററായ മതാചാരങ്ങളെയും വളർത്തുവാൻ ദിവസവും അവരം ഉപയോഗിച്ചിരുന്ന തന്ത്രം എത്രമാത്രമായിരുന്നു എന്നു ചിന്തിക്കുക. ദൈവജനത്തിനിടയിൽ അന്യദേവന്മാരുടെ പ്രസിദ്ധി പ്രചരിപ്പിക്കുവാൻ ആയിരുന്നു അവരം ഇതു ചെയ്തത്. യഹോവയുടെ അരുളപ്പാട് ഉണ്ടായിരുന്ന ഇസ്രായേലിലാണ് ഈ മ്ലേച്ഛത നടന്നത്. പാപത്തിലേക്കു മന:പൂർവ്വം ആളുകളെ കൊണ്ടെത്തിക്കുന്ന സ്വാധീനമാണ് ഈസെബേലിൽ ഉണ്ടായിരുന്നത്.

3. കർമ്മേൽ പർവ്വതത്തിൽ വച്ച് ബാലിൻെറ പ്രവാചകന്മാർ ചത്തൊടുങ്ങിയതിൻെറ രോഷം നിമിത്തം ഈസെബേൽ ദൈവ പുരുഷനായ ഏലിയാവിനെ കൊല്ലുവാൻ ശ്രമിക്കുന്നു (1രാജാക്കന്മാർ 19:2). ഈസെബേൽ ഏലിയാവിൻെറ അടുക്കൽ ഒരു ഭൃത്യനെ അയച്ചു. നാളെ ഈ നേരത്ത് ഞാൻ നിൻെറ ജീവനെ അവരിൽ ഒരുത്തൻെറ ജീവനെപ്പോലെ ആക്കുന്നില്ലാ എങ്കിൽ ദേവന്മാർ എന്നോടു തക്കവണ്ണവും അധികവും ചെയ്യുമാറാകട്ടെ എന്നാണ് അവരം പറഞ്ഞത്.

4. അയല്ക്കാരൻെറ വസ്തു കൈയ്യടക്കുവാൻ അവനെ കൊല്ലിക്കുവാൻ ഏർപ്പാടു ചെയ്യുന്ന ഹീനമായ പ്രവൃത്തിയും അവളിൽ ഉണ്ടായിരുന്നു. യിസ്രയേല്യനായിരുന്ന നാബോത്തിനു ആഹാബ് രാജാവിൻെറ രാജധാനിക്കു സമീ

പം മനോഹരമായ ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. ആ മുന്തിരിത്തോട്ടം കൈവശമാക്കുവാനാണ് ഈസെബേൽ നാബോത്തിനെ വകവരുത്തിയത്. കൊലപാതകം ചെയ്തു വസ്തുവും മററും കൈവശമാക്കുവാൻ തുനിഞ്ഞ ഒരു സ്ത്രീയുടെ സ്വാധീനം എത്ര മോശമായിത്തീരുന്നു എന്ന് കാണുന്നില്ലേ ? (1രാജാക്കന്മാർ 21-ാം അദ്ധ്യായത്തിൽ ഇതു വിവരിച്ചിരിക്കുന്നു.

5. അവളുടെ മകനായ അഹസ്യാവെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് നമ്മെ ചിന്തിപ്പിക്കുന്ന വിധത്തിലാണ്. ''അവൻ തന്റെ അപ്പന്റെ വഴിയിലും അമ്മയുടെ വഴിയിലും യിസ്രായേലിനെക്കൊണ്ടു പാപം ചെയ്യിച്ചു. നെബോത്തിന്റെ മകനായ യൊരോബെയാമിന്റെ വഴിയിലും നടന്നു യഹോവയ്ക്കു അനിഷ്ടമായതു ചെയ്തു. അവൻ ബാലിനെ സേവിച്ചു നമസ്കരിച്ചു. തന്റെ അപ്പൻ ചെയ്തതുപോലെ ഒക്കെയും യിസ്രായേലിന്റെ ദൈവമായ യഹോവയെ കോപിപ്പിച്ചു'' (1രാജാക്കന്മാർ 22:52-53).

6. ഇതേ കാലയളവിൽ യെഹൂദ്യ ദേശം വാണിരുന്ന യെഹോരാം ആഹാബിന്റെ മകളെ അഥല്യയെ വിവാഹം കഴിച്ചിരുന്നു. ആഹാബ്ഗൃഹം ചെയ്തതുപോലെ അവൻ ഇസ്രായേലിലെ മററു രാജാക്കന്മാരെപ്പോലെ നടന്നു. തന്റെ അധികാരം ഉറപ്പിക്കുന്നതിനുവേണ്ടി അവൻ തന്റെ സഹോദരന്മാരെയെല്ലാം കൊന്നുകളഞ്ഞു. സൌഖ്യമാകാൻ സാദ്ധ്യമല്ലാത്ത മാരകമായ ഒരു രോഗം കർത്താവ് അവനിൽ അയച്ചു അവന്റെ ദുഷ്ടത നിമിത്തം അവനെ നശിപ്പിച്ചു എന്ന് വചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

7. അതിനുശേഷം യെഹോരാമിന്റെ മകൻ അഹസ്യാവ് ഇസ്രായേലിലെ രാജാവായി തീർന്നു. ആഹാബിന്റെ

മകാം അഥല്യയായിരുന്നു അവന്റെ അമ്മ. അവൻ കർത്താവിന്റെ മുൻപാകെ അവന്റെ അമ്മയുടെ ആലോചന കേട്ട് ദുഷ്പ്രവൃത്തികാം ചെയ്തു നടന്നു (2 ദിനവൃത്താന്തം 22:3).

8. പിന്നീട് അഹസ്യാവ് കൊല്ലപ്പെട്ടു. ആഹാബിന്റെ മകാം അഥല്യ ഭരണം ഏറ്റെടുത്തു. അവാം യെഹൂദ്യയെ ആറു സംവത്സരം വാണു. യെഹൂദ്യയിലെ രാജാവാകുവാൻ അവകാശികളായിട്ടുള്ള എല്ലാവരെയും നശിപ്പിക്കുക എന്ന പ്രവൃത്തിയാണ് അവാം ആദ്യമായി ചെയ്തത് (2ദിനവൃത്താന്തം 22.10). അങ്ങനെ ആദ്യം അവാം തന്റെ ഭർത്താവിനെ സ്വാധീനിച്ചു (യെരോഹാമിനെ). പിന്നെ അവളുടെ മകനെ (അഹസ്യാവിനെ) അവസാനം അവളുടെ ദുഷ്ട ഭരണത്തിലൂടെ യെഹൂദ്യയിലെ ജനങ്ങളെ വളരെ ആഴത്തിൽ വിഗ്രഹാരാധകരാക്കി മാററി.

തിന്മയുടെ സ്വാധീന ശക്തി എവിടെ നിന്നാണ് ഉത്ഭവിക്കുന്നത് ? ആഹാബിന്റെ ജീവിതത്തിൽ അവന്റെ ഭാര്യയുടെ സ്വാധീനമാണ് ദുഷ്പ്രവൃത്തിയിലേക്കും ബലഹീന സ്വഭാവത്തിലേക്കും നാശത്തിലേക്കും അവനെ വലിച്ചിഴച്ചത്. നാബോത്തിന്റെ മുന്തിരിത്തോട്ടം ആഗ്രഹിച്ചു എന്നതു വാസ്തവമാണ്. എന്നാൽ അതു വിലയ്ക്കുവാൻ അവനെ പ്രേരിപ്പിക്കുവാൻ കഴിയാത്തതിൽ രാജാവിനു വിഷമമുണ്ടായി. യിസ്രായേല്യനായ നാബോത്ത് എന്റെ പിതാക്കന്മാരുടെ അവകാശം ഞാൻ നിനക്കു തരികയില്ല എന്നു തന്നോടു പറഞ്ഞ വാക്കു നിമിത്തം ആഹാബ് വ്യസനവും നീരസവും പൂണ്ടു തന്റെ അരമനയിലേക്കു ചെന്നു; ഭക്ഷണം ഒന്നും കഴിക്കാതെ കട്ടിലിന്മേൽ മുഖം തിരിച്ചുകിടന്നു (1രാജാക്കന്മാർ 21:4).

(ശേഷം അടുത്ത ലക്കത്തിൽ)

★

# ദൈവം തന്റെ ഇഷ്ടം എങ്ങനെ വെളിപ്പെടുത്തുന്നു?

ക്ലെം തർമാൻ

ഞാൻ ലേഖനങ്ങൾ കണ്ടിട്ടുണ്ടെങ്കിലും നല്ലൊരു സ്നേഹിതന്റെ കത്ത് എനിക്ക് കൂടുതൽ ശ്രദ്ധയോടെ പഠിക്കുവാൻ പ്രചോദനമരുളി. അത്ഭുത രോഗശാന്തി നടത്തുന്നു എന്ന് അവകാശപ്പെടുന്ന ഓറൽ റോബർട്ട്സ് തുൾസായിൽ ഒരു ആസ്പത്രി പണിയുന്നതിന് 150 ദശലക്ഷം ഡോളർ ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു ലേഖനത്തെ സംബന്ധിച്ച കത്താണ് എനിക്കു ലഭിച്ചത്. അതിന്റെ സത്യാവസ്ഥ അറിയുവാൻവേണ്ടി ആ നല്ല സുഹൃത്ത് എഴുതിയ കത്ത് എന്നെ വല്ലാതെ ചിന്തിപ്പിച്ചു എന്നു പറയാം. ചിലപ്പോൾ നാം കാര്യമായി എടുക്കാത്ത ചിലതു മററു വായനക്കാർ ഗൗരവമായി പരിഗണിക്കും എന്നത് എത്ര വാസ്തവം.

ഓക്‌ളഹോമയിലെ തുൾസാ എന്ന സ്ഥലത്താണ് അദ്ദേഹം ഈ ആസ്പത്രിക്ക് തുടക്കം കുറിക്കുന്നത്. ആ ലേഖനത്തിൽ വീണ്ടും പറയുന്നത്: സുവിശേഷകനായ ഓറൽ റോബർട്ട്സ് തന്റെ കഥയിൽ ഏഴു വർഷം മുൻപ് ദൈവം തനിക്കു പ്രത്യക്ഷനായി എന്നും കാലിഫോർണിയയിലെ മരുഭൂമിയിൽ വെച്ച് ദൈവം ഒരു കല്പന പുറപ്പെടുവിക്കുന്നതായും കേട്ടു. പ്രാർത്ഥനാ ശക്തിയുടെ രോഗശാന്തിയും വൈദ്യ ശാസ്ത്രത്തിന്റെ ശ്രദ്ധയും ഒത്തിണങ്ങുന്ന 777 കിടക്കകളുള്ള ഒരാസ്പത്രിയും അതിനോടനുബന്ധിച്ച് ഒരു ഗവേഷണ കേന്ദ്രവും ആരംഭിക്കണം. എഴുത്തുകാരൻ തുടരുന്നു. "ഈ ആശുപത്രി സംസ്ഥാനത്തിന്റെ സന്ദർശകരെ ആകർഷിക്കുന്ന വലിയ

ഒരു സ്ഥാപനമായി മാറ്റും.''  മാസം ഒരു ദശലക്ഷം ഡോളർ കമ്മിയിൽ പ്രവർത്തിക്കുന്ന 110 നിലകളുള്ള ഗോസ്റ്റ് ടൗൺ എന്നാണ് ആ പദ്ധതിയെ അതിൽ വിശേഷിപ്പിച്ചിരിക്കുന്നത്.

ആ ലേഖനത്തിൽ ഇതിനേക്കാൾ കൂടുതലായി മററു പലതും എഴുതിയിട്ടുണ്ട്. ദൈവ വചനത്തിന്റെ വെളിച്ചത്തിൽ നമുക്കു അവയുടെ നിജസ്ഥിതി പരിശോധിക്കാവുന്നതാണ്. ആരുടെയെങ്കിലും ഉദ്ദേശത്തെ മലിനപ്പെടുത്തുവാനോ തുൾസാ ഹോസ്പിററൽ പ്ലാനിംഗ് കൗൺസിലിനോട് ചേർന്നു ''ഞങ്ങൾ നിങ്ങളോട് അങ്ങനെ പറഞ്ഞതല്ലേ'' എന്ന് പറയുവാനുമല്ല. പക്ഷെ ഒരു കാര്യം ഉറപ്പാണ്. ''യഹോവ വീട് പണിയാതിരുന്നാൽ പണിയുന്നവൻ വൃഥാ അദ്ധ്വാനിക്കുന്നു'' (സങ്കീർത്തനം 127:1). ഒരാൾ ദൈവത്താൽ നയിക്കപ്പെടുന്നു എന്നു പറയുകയും ദൈവത്തിന്റെ പ്രവർത്തിക്കായി പൊതുജനങ്ങൾക്കിടയിൽ നിന്നു പരസ്യ ഫണ്ടു ശേഖരണം നടത്തുകയും ചെയ്യുമ്പോൾ അയാൾ ഒരു അന്വേഷണം ക്ഷണിക്കുക തന്നെയാണ് ചെയ്യുന്നത്.

## ഇന്നു ദൈവം തന്റെ ഇഷ്ടം എങ്ങനെ വെളിപ്പെടുത്തുന്നു ?

ദൈവം തന്നോട് പറഞ്ഞതാണ് ആസ്പത്രി തുടങ്ങുവാൻ എന്ന് ഓറൽ റോബർട്ട്സ് തന്റെ പ്രക്ഷേപണങ്ങളിൽ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതായി ആ ലേഖനത്തിൽ വിവരിക്കുന്നുണ്ട്. ഫണ്ട് ശേഖരണം ധൃതഗതിയിൽ ആരംഭിച്ചു കെട്ടിടത്തിന്റെ പണികൾ നടന്നുകൊണ്ടിരിക്കെ ഓറൽ റോബർട്ട്സ് പറയുന്നു: ''900 അടി ഉയരമുള്ള യേശു ഒരു രാത്രിയിൽ തനിക്കു പകുതി പൂർത്തിയായ കെട്ടിടത്തിൽ പ്രത്യക്ഷനായി വേണ്ട പ്രോത്സാഹനം നല്കി.'' ഈ വാക്കുകളും ദശലക്ഷക്കണക്കിനു ആളുകളെ അറിയിക്കുകയുണ്ടായി. ഇപ്പോൾ വാസ്തവത്തിൽ

ദൈവം ഇങ്ങനെയാണോ തന്റെ ഹിതം മനുഷ്യരോട് വെളി പ്പെടുത്തുന്നത് ? നമുക്കു നോക്കാം.

ഈ അന്ത്യ കാലത്തു ദൈവം തന്റെ പുത്രൻ മുഖാന്തരം നമ്മോടു സംസാരിക്കുന്നു എന്നു വ്യക്തമായി പറഞ്ഞിരിക്കുന്നു (എബ്രായർ 1:2). ഈ സത്യം എണ്ണമററ ഭാഗങ്ങളിൽ പറഞ്ഞിട്ടുണ്ട് (മത്തായി 17:5, യോഹന്നാൻ 12;48-50). ദൈവത്തിന്റെ സന്ദേശ വാഹകനായി യേശു ക്രിസ്തു ഈ ട്രൂത് ലോകം മുഴുവൻ അറിയിക്കുവാൻ അപ്പൊസ്തലന്മാരെ നിയമിച്ചു. "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ ....... സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല, അതു വിശ്വസിക്കുന്ന ഏവനും രക്ഷക്കുള്ള ദൈവശക്തിയത്രേ" (മർക്കൊസ് 16:15; റോമർ 1:16). അവർക്കു തെററു പററാതെ അതു പൂർണ്ണമായി നിറവേററുവാൻ കർത്താവ് അവനെ നയിക്കുവാൻ പരിശുദ്ധാത്മാവിനെ അവർക്കു വാഗ്ദാനം ചെയ്തു. "അവൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും നിങ്ങളെ സകല സത്യത്തിലും വഴിനടത്തുകയും ചെയ്യും" (യോഹന്നാൻ 14:26; 16:13). ആ നടത്തിപ്പിന്റെ അനന്തരഫലത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്: "നിങ്ങളെ കൈക്കൊള്ളുന്നവർ എന്നെ കൈക്കൊള്ളുന്നു. നിങ്ങളെ തള്ളിക്കളയുന്നവർ എന്നെ തള്ളിക്കളയുന്നു. എന്നെ തള്ളിക്കളയുന്നവർ എന്നെ അയച്ചവനെ തള്ളിക്കളയുന്നു (ലൂക്കൊസ് 16:10).

ദൈവത്തിന്റെ ആത്മാവ് വഴിനടത്തിയ അപ്പൊസ്തലന്മാർ യേശുക്രിസ്തു അവരെ പഠിപ്പിച്ച മാതൃക പിൻപററി. അതിനോട് കൂട്ടുവാനോ കുറയ്ക്കുവാനോ തുനിഞ്ഞില്ല. ദൈവാധികാരത്തെ മറികടക്കാവുന്നതല്ല എന്ന് അവർക്കു ബോധ്യമുണ്ടായിരുന്നു. അവർ ആ വചനത്തെ ആത്മ നിയോഗത്താൽ എഴുതി തന്നിരിക്കയാണല്ലൊ. ദൈവേഷ്ടം അറിയുവാൻ നാം എഴുതപ്പെട്ട വചന

ത്തിനു പുറത്തു ചിന്തിക്കരുത്. ദൈവം മനുഷ്യർക്കു നല്കുന്ന പൂർണ്ണമായ ഏക വെളിപ്പാട് ആണ് വിശുദ്ധ വേദ പുസ്തകം. അതു നാം തിരിച്ചറിയണം.

വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാരിൽ വരികയും അതിനനുസരിച്ച് അവർ ഉപദേശിക്കയും എഴുതുകയും ചെയ്തു (പ്രവൃത്തി 2:1-4, 2 തിമൊഥെയോസ് 3:17). അപ്പൊസ്തലനായ പൌലൊസ് വ്യക്തമാക്കുന്നത് ഇതു തന്നെയാണ്. മനുഷ്യനിലുള്ള അവനിലെ മാനുഷാത്മാവ് അല്ലാതെ മനുഷ്യരിൽ ആർ അറിയും ? അവ്വണ്ണം തന്നെ ദൈവത്തിലുള്ള ദൈവാത്മാവ് അല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല. നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്കു നല്കിയതു അറിവാനായി ദൈവത്തിൽ നിന്നുള്ള ആത്മാവിനെ അത്രേ പ്രാപിച്ചത്. അതു ഞങ്ങൾ മാനുഷ ജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ അല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചുകൊണ്ട് ആത്മീകന്മാർക്ക് ആത്മീകമായത് തെളിയിക്കുന്നു (1 കൊരിന്ത്യർ 2:11-13). അപ്പൊസ്തലൻ ഇവിടെ പറയുന്ന കാര്യങ്ങൾ സൂക്ഷ്മമായി ശ്രദ്ധിക്കുക. 1. ദൈവത്തിനുള്ളതു ദൈവാത്മാവ് മാത്രം അറിയുന്നു. 2. ദൈവീക കാര്യങ്ങൾ വെളിപ്പെടുത്തുവാൻ അപ്പൊസ്തലന്മാർക്കു ദൈവം തന്റെ ആത്മാവിനെ പകർന്നുകൊടുത്തു. 3. ദൈവീക കാര്യങ്ങളെ പരിശുദ്ധാത്മ സഹായത്താൽ അപ്പൊസ്തലന്മാർ അതു വാചകങ്ങളാക്കി വെളിപ്പെടുത്തി. അതുകൊണ്ടാണ് പൌലൊസ് പിന്നീട് എഴുതിയത്. ഞങ്ങൾ പ്രസംഗിച്ച ദൈവ വചനം നിങ്ങൾ കേട്ടു. മനുഷ്യന്റെ വചനമായിട്ടല്ല, സാക്ഷാൽ ആകുന്നതുപോലെ ദൈവ വചനമായിട്ടുതന്നെ കൈക്കൊണ്ടതിനാൽ ഞങ്ങൾ ഇടവിടാതെ ദൈവത്തെ സ്തുതിക്കുന്നു (1 തെസ്സലൊനീക്യർ 2:13).

★

(ശേഷം അടുത്ത ലക്കത്തിൽ)

# സ്ത്രീ സഭയിൽ

ജെ. ഫ്രാൻസിസ്

ഈ വിഷയത്തിൽ ലേഖനം എഴുതുവാൻ തുടങ്ങുന്ന പലരും 1 കൊരി: 14:34-ാം വാക്യം ഉദ്ധരിച്ചു കൊണ്ട് "സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ" എന്നു പറഞ്ഞുകൊണ്ട് ആരംഭിക്കുകയോ അവസാനിപ്പിക്കുകയോ ചെയ്തേക്കാം. എന്നാൽ ഞാൻ സ്ത്രീകളുടെ മററു സ്വഭാവങ്ങളിൽകൂടി കടന്ന് ഈ ലേഖനം അവസാനിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.

സ്ത്രീ ആരാണെന്ന് ഉല്പത്തിയിൽ പ്രതിപാദിക്കുന്നു. യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു. യഹോവയായ ദൈവം മനുഷ്യനിൽ നിന്ന് എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു. ഇവളെ നരനിൽ നിന്ന് എടുത്തിരിക്കയാൽ ഇവൾക്കു നാരി എന്നു പേർ (ഉല്പ: 2:7, 22, 23). അപ്പോൾ സ്ത്രീ പുരുഷന്റെ വാരിയെല്ലിൽ നിന്നും സൃഷ്ടിക്കപ്പെട്ടവൾ. പുരുഷന്റെ നിലനില്പിനു അവൾ ഒരു അവിഭാജ്യ ഘടകം തന്നെയാണ്.

ഇവളിൽ വിവിധ സ്വഭാവങ്ങൾ നമുക്ക് കണ്ടെത്തുവാൻ കഴിയും. അവൾ ഒരു സൂത്രക്കാരിയാണ്. വിദ്യാഭ്യാസം ഉള്ളവരും ഇല്ലാത്തവരുമായ ഏതു സ്ത്രീകളും സ്വയം വിളിച്ചുപറയും ഞങ്ങൾ അബലകളാണ്, ചപലകളാണ്. ഇത് തെററാണ്. അവരുടെ തെററുകളെ മറച്ചുപിടിക്കാനുള്ള ഒരു തന്ത്രമായി അവർ ഇതു ഉപയോഗിക്കുന്നുവെന്ന് നമുക്ക് തെളിയിക്കുവാൻ കഴിയും.

ആദ്യമായി അവർ അബലകളാണ്, ചപലകളാണ് എന്ന കാര്യത്തിലേക്ക് നമുക്ക് കടക്കാം. നമ്മുടെ ഭവനത്തിൽ കുട്ടികൾ അമ്മയേക്കാൾ കൂടുതലായി അച്ഛനെ അനുസരിക്കുന്നു, ഭയപ്പെടുന്നു. തള്ളപെററു തന്തവളർത്തണം എന്ന ചൊല്ലു തന്നെ നാം പലരും കേട്ടിരിക്കുന്നു. ഇതിനുള്ള കാരണം അമ്മ മക്കളോട് കൂടുതൽ സ്നേഹം കാണിക്കുന്നു. അച്ഛൻ അപ്രകാരം അവരോട് കാണിക്കുന്നില്ല എന്ന് പലരും പറഞ്ഞേക്കാം. എന്നാൽ തള്ളയേക്കാൾ കൂടുതൽ സ്നേഹം നൽകുന്ന പിതാക്കന്മാർ നമ്മുടെ മദ്ധ്യേ ഇല്ലേ? ഉണ്ടെങ്കിൽ അതല്ല കാരണം എന്ന് ഊഹിക്കാം. പിന്നെ എന്തായിരിക്കാം ഇതിനു കാരണം.

ലോകത്തിൽ ആരും ഭരണാധികാരികളെ ഭയപ്പെടുന്നു, അനുസരിക്കുന്നു. സ്നേഹിക്കുന്നു. പുരുഷൻ (അച്ഛൻ) ഭവനത്തിലെ ഭരണാധികാരിയാണ്. ഭവനത്തിലെ ഭാര്യയേയും മക്കളേയും ഭരിക്കേണ്ട ഭരണാധികാരി ദൈവത്താൽ നിയമിക്കപ്പെട്ട ഭരണാധികാരി (ഉല്പ: 3:16). ഈ അധികാരം അവൾ കൈയ്യിൽ എടുക്കുവാൻ തുനിഞ്ഞാൽ അവൾ അബലയും ചപലയുമായി മാറുന്നു. ഇതു മനസ്സിൽ വച്ചുകൊണ്ട് മററുള്ള കാര്യങ്ങളിലേക്കു തിരിയുമ്പോൾ അവൾ അപ്രകാരമായി മാറിക്കൊണ്ടിരിക്കും.

അവൾ തികഞ്ഞ ഒരു സൂത്രക്കാരി തന്നെയാണ്. അടുത്തകാലത്ത് കേരളത്തിൽ സംഭവിച്ചു എന്നു പറയപ്പെടുന്ന ചാരവൃത്തിയിൽ പ്രധാന പങ്കു വഹിച്ചത് രണ്ടു വിദേശ വനികളാണ്. അവർ സൂത്രം പ്രയോഗിച്ചപ്പോൾ അതിൽ വീണത് ശാസ്ത്രജ്ഞന്മാരും നേതാക്കന്മാരുമായ പുരുഷന്മാർ. ബൈബിളിലേയ്ക്ക് കടക്കുമ്പോൾ അവളുടെ സൂത്രങ്ങൾക്ക് പല തെളിവുകളും ലഭിക്കും.

ദൈവത്താൽ വിലക്കപ്പെട്ട ഫലം തിന്നുവാൻ ആദാമിനെ പ്രേരിപ്പിച്ചത് അവനു ഭാര്യയായി നൽകിയ ഹവ്വാ

എന്ന സ്ത്രീയുടെ സൂത്രം മാത്രമാണ്. ആദ്യം അവരം പറിച്ചു തിന്നു. അവനു സ്നേഹത്തോടുകൂടി കൊടുത്തു. തിന്നുവാൻ അവൻ മടി കാണിച്ചിരിക്കാം. നിങ്ങരം എന്നെ സ്നേഹിക്കുന്നില്ലായെന്നു പറഞ്ഞ് അവരം അവനോട് പരാതിപ്പെട്ടിരിക്കാം. നിർബന്ധിച്ചിരിക്കാം. അവസാനം അവൻ അവളുടെ സൂത്രമായ നിർബന്ധത്തിനു വഴങ്ങിയിരിക്കാം. എന്തായാലും അവരം അവനെക്കൊണ്ട് അതു ഭക്ഷിപ്പിച്ചു (ഉല്പ: 3:6). അവളുടെ സൂത്രത്തിൽ അവൻ വീണു.

അബ്രഹാമിന്റെ ഭാര്യയായ സാറായും സൂത്രം പ്രയോഗിക്കുന്ന കാര്യത്തിൽ പിന്നോക്കം അല്ലായിരുന്നു. എനിക്കു സന്തതികരം ഇല്ലായെന്ന് അബ്രഹാം യഹോവയോട് പരാതിപ്പെട്ടു. സന്തതി നൽകുമെന്ന് യഹോവ അവനു വാഗ്ദാനം നൽകി. ആ വാഗ്ദാന പൂർത്തിക്കായി കാത്തിരിക്കുന്നതിനു പകരം സാറാ തന്റെ ദാസിയായ ഹാഗാറിന്റെ അടുക്കൽ ചെല്ലുവാൻ അബ്രഹാമിനെ പ്രേരിപ്പിച്ചു. ദൈവത്തെ വിശ്വസിച്ചും അനുസരിച്ചും നടന്ന അബ്രഹാമിനെ അവരം സൂത്രത്താൽ ഹാഗാറിന്റെ അടുക്കൽ എത്തിച്ചു. അവരം ഗർഭിണിയായി. അപ്പോരം സാറാ നിന്ദിതയായി. അവരം ഹാഗാറിനു എതിരേ തിരിഞ്ഞു. അബ്രഹാമിനു മനോവിഷമങ്ങളും പ്രയാസങ്ങളും അവരം ഉണ്ടാക്കി കൊടുത്തു. ഹാഗാറിനെയും കുഞ്ഞിനെയും ഇറക്കി വിടുവാൻ സാറാ അബ്രഹാമിനു പ്രേരിപ്പിച്ചു (ഉല്പ. 16:2, 4, 6;21:14).

ഹവ്വായും സാറായും ഭർത്താക്കന്മാരെ സൂത്രത്തിൽ തെററിച്ചപ്പോരം റിബേക്ക സൂത്രം പ്രയോഗിച്ചത് സ്വന്ത മക്കളിൽ ആയിരുന്നു. പിതാവായ യിസ്ഹാക്കിൽ നിന്നും ജ്യേഷ്ഠനായ ഏശാവിനു ലഭിക്കേണ്ട അനുഗ്രഹം അനുജനായ യാക്കോബിനു ലഭിപ്പാൻ തക്കവണ്ണം അവരം സൂത്രം പ്രയോഗിച്ചു. അതിലൂടെ ഒരു കാലഘട്ടം വരെ അവർ തമ്മിൽ പിരിഞ്ഞിരിക്കേണ്ടി വന്നു (ഉല്പ: 27:1-45).

സ്ത്രീ ധൈര്യശാലിയാണ്. യേശുവിനെ പിടിച്ചുകൊണ്ട് മഹാപുരോഹിതൻെറ വീട്ടിൽ കൊണ്ടുപോയി. പത്രോസ് കൂടെ പോകുവാൻ ധൈര്യപ്പെടാതെ അകലം വിട്ടു ക്രിസ്തുവിനെ പിൻതുടർന്നു. മാത്രമല്ല ഭയത്താൽ ക്രിസ്തുവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറയുകയും ചെയ്തു (ലൂക്കൊസ് 22:54-61). പുരുഷൻെറ ധൈര്യം സാഹചര്യത്തിൽ നഷ്ടപ്പെട്ടു. എന്നാൽ ക്രിസ്തുവിനെ ഗോഗുൽഥാമലയിലേക്ക് ക്രൂശിക്കാൻ കൊണ്ടുപോയ അവസരത്തിൽ റോമൻ പടയാളികളും ഒരു വലിയ ജനസമൂഹവും കൂടെ ഉണ്ടായിരുന്നു.

★

(ശേഷം അടുത്ത ലക്കത്തിൽ)

# ഏഴ് സഭകൾക്കുള്ള ദൂത്

## എം. എസ്. ജോൺ. ഇരിട്ടി

### 7. ലവൊദിക്യ സഭ (വെളി. 3:14-22).

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ഭവനത്തിൽ ഭാര്യയോടും, മക്കളോടും ഒന്നിച്ചുചേർന്നുള്ള ആ കൂട്ടായ്മ വളരെ ആശ്വാസജനകവും, സന്തോഷപ്രദവും സമാധാനവും പ്രദാനം ചെയ്യുന്നു. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എൻെറ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും'' (മത്താ. 11:28). കർത്താവിൻെറ ശബ്ദം കേട്ട് വാതിൽ തുറന്നു കൊടുക്കുന്ന ഏവർക്കും, സമുദായങ്ങൾക്കും, സഭകൾക്കും അവനോടൊത്ത് കൂട്ടായ്മ അനുഭവിക്കാൻ സാധിക്കും.

''ആരും അടയ്ക്കാതവണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവനാണ്'' നമ്മുടെ കർത്താവ് (വെളി. 3:7). യെഹൂദന്മാരെ പേടിച്ച് വാതിൽ അടച്ചുപൂട്ടി മുറിക്കുള്ളിൽ ഇരുന്ന ശിഷ്യന്മാരുടെ നടുവിൽ വന്നുനിന്നവനാണ് കർത്താവ് (യോഹ. 20:19). പക്ഷെ, ഇവിടെ വാതിൽ തുറന്നുകൊടുത്താൽ മാത്രമേ അവൻ അകത്തു പ്രവേശിക്കുകയുള്ളു. എന്നാൽ ഞാൻ അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കാം എന്ന് നിബന്ധന വച്ചിരിക്കുകയാണ്. കർത്താവിനു പ്രവേശനം നല്കാതെ കൊട്ടി അടയ്ക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ സമുദായങ്ങളും, സഭകളും, മനുഷ്യരും ആരു തന്നെ ആയിരുന്നാലും അവർ ഇട്ടിരിക്കുന്ന കൊളുത്തുകൾ അവർതന്നെ ഊരിമാററണം. ഈ ലോകത്തിൽ വച്ചുതന്നെ യേശുക്രിസ്തുവുമായി യഥാർത്ഥ കൂട്ടായ്മ അനുഭവിക്കാനും നിങ്ങളുടെ നടുവിൽ അവൻെറ സാന്നിദ്ധ്യം ഉണ്ടാകുന്നതിനും ഈ ലോകത്തിൻെറ ബന്ധനങ്ങളാൽ അടയ്ക്കപ്പെട്ടിരിക്കുന്ന വാതിലുകൾ എല്ലാം യേശുക്രിസ്തുവിൻെറ പ്രവേശനത്തിനും അധിവാസത്തിനുമായി നിങ്ങൾ തുറന്നു കൊടുക്കുമോ ?

സഹോദരാ ! ദീർഘ നാളുകളായി യേശുക്രിസ്തു മനുഷ്യരുടെ ഹൃദയ വാതില്ക്കൽ മുട്ടിക്കൊണ്ടിരിക്കുകയാണ്. ആരും തുറക്കാതിരുന്നിട്ടും ആരും ശ്രദ്ധിക്കാതിരുന്നിട്ടും അവൻ നീരസപ്പെടുകയോ വേദനപ്പെടുകയോ ക്ഷോഭിക്കുകയോ ചെയ്യാതെ അവൻ ഇന്നും മുട്ടിക്കൊണ്ട് തന്നെ നില്ക്കുന്നു. പക്ഷെ കൊയ്ത്തിന് കാലം തികയുന്നതുവരെ മാത്രമേ അവൻ നില്ക്കുകയുള്ളു. ശൂലേംകാരത്തി തൻെറ പ്രിയനുവേണ്ടി വാതിൽ തുറന്നു. പക്ഷെ തുറക്കാൻ വൈകിപോയതിനാൽ അവളുടെ പ്രിയനോ പൊയ്ക്കളഞ്ഞിരുന്നു (ഉത്തമ. 5:6). എന്നാൽ കർത്താവ് പോകുന്നില്ല. കാരണം, അവൻ നമ്മെ വിലയ്ക്കു വാങ്ങുവാൻ കാൽവരിയിൽ അവൻ ചൊരിഞ്ഞ ചുടു രക്തത്തിൻെറ നിസ്തുല്യവും നിർമ്മലവുമായ സ്നേഹത്തിൻെറ

ആഴം അത്രേ വലുതാണ്. ആ മഹത്വപൂർണ്ണമായ സ്നേഹത്തിന്റെ അപാരത ആർക്കും തേച്ചുമായിച്ചു കളയാൻ കഴിയാത്തവിധം ദൃഢതയേറിയതാണ്. ആ ദിവ്യ സ്നേഹത്തിന്റെ പ്രഭാപൂരിതത്തിന്റെ അല്പം സ്ഫുലിംഗം പോലും കടക്കാത്തവിധം മനുഷ്യമനസ്സാക്ഷി അടയ്ക്കപ്പെട്ടിരിക്കുകയാണ്. സ്നേഹിതാ! യേശുക്രിസ്തുവിനു വസിക്കുവാൻ, നിന്റെ അടയ്ക്കപ്പെട്ട ഹൃദയ കവാടം ഈ നിമിഷം തുറന്നു കൊടുക്കുമോ ?

''ജയിക്കുന്നവനു ഞാൻ എന്നോടു കൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും; ഞാനും ജയിച്ച് എന്റെ പിതാവിനോടു കൂടെ ഇരുന്നതുപോലെ തന്നേ'' (വെളി. 3:21).

ആറു സഭകൾക്കുള്ള മൂതിലെന്നപോലെ തന്നെ ഏഴാമത്തെ ലവൊദിക്യ സഭയ്ക്കും കർത്താവ് പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കയാണ്. 'എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും.' രാജാവിന്റെ അധികാര സ്ഥാനമാണല്ലോ സിംഹാസനം. ഭൂമിയിൽ അനേകം ശക്തന്മാരും പ്രതാപശാലികളുമായ രാജാക്കന്മാർ വാണരുളിയ സിംഹാസനങ്ങൾ നിശ്ശേഷം തകർന്നു പോയിരിക്കുകയാണ്. മൺമറഞ്ഞുപോയ രാജാക്കന്മാരുടെ പ്രതാപവും, പ്രശസ്തിയും ഇന്നാരും കൊട്ടിഘോഷിക്കാറില്ല. അവയെല്ലാം അവരുടെ മൺകൂനകളിൽ തകർന്നടിഞ്ഞ് പോയിരിക്കുകയാണ്. എന്നാൽ രാജാധി രാജാവും കർത്താധി കർത്താവുമായ യേശുക്രിസ്തുവിന്റെ സാമ്രാജ്യവും, സിംഹാസനവും മാററം ഇല്ലാത്തതായി ഇന്നും നിലനില്ക്കുന്നു. ശക്തിപ്പെടുകയും വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. മനുഷ്യരെ രക്ഷിപ്പാനുള്ള തന്റെ പദ്ധതിയിൽ പൂർണ്ണ വിജയം കൈവരിക്കയും, സാത്താനെയും മരണത്തെയും ജയിച്ച് ജയവീരനായി അവന്റെ പിതാവായ ദൈവത്തോട് കൂടെ, പിതാവിന്റെ സിംഹാസനത്തിൽ

വാണരുളുകയും ചെയ്യുന്നു. അവന്റെ അവസ്ഥയിലേക്ക് നാമും ആയിരിക്കേണ്ടതിന് കർത്താവ് നമുക്ക് ശ്രേഷ്ഠവും മഹനീയവുമായ വരം നല്കുന്നു. ലോക ജീവിതത്തിൽ ആത്മീക വിജയം നേടുന്നവർക്ക് അവനോട് കൂടെ അവന്റെ സിംഹാസനത്തിൽ ഇരിക്കാനുള്ള അവകാശം വാഗ്ദാനം ചെയ്തിരിക്കുന്നു. ആയതിനാൽ ഭൂമിയിലുള്ളതിനെപ്പററി ചിന്തിച്ചും, വ്യാകുലപ്പെട്ടും വിലപേശിയും പാപത്തിന് അടിമപ്പെട്ടും നമുക്ക് ലഭിക്കാനുള്ള സ്വർഗ്ഗീയ ജീവിതത്തെ പാഴും ശൂന്യവുമാക്കി നശിപ്പിക്കാതെ "ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ" അതായത് "ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ" (കൊലൊ. 3.2,3).

ദുരുപദേശങ്ങളുടേയും, അന്ധവിശ്വാസങ്ങളുടേയും, അനാചാരങ്ങളുടേയും എച്ചിൽ കൂമ്പാരങ്ങളെ ആശ്ലേഷിച്ച് അതിൽ ഉന്മത്തരായി ജീവിക്കുന്ന ആർക്കും തന്നെ; കർത്താവിനാൽ ലഭിക്കുന്ന അനുഗ്രഹീതമായ ആ സ്ഥാനത്ത് എത്തിച്ചേരാൻ സാധിക്കുകയില്ല. ലോകത്തെ ജയിച്ചവർക്കാണ് 'സിംഹാസനം' ഒരുക്കപ്പെട്ടിരിക്കുന്നതും, പ്രതിഫലമായി നല്കപ്പെടുന്നതും, കർത്താവ് വാഗ്ദാനം ചെയ്യുന്ന സിംഹാസനം കരസ്ഥമാക്കാൻ കാംക്ഷിക്കുന്നവർ, തീയിൽ ശോധന കഴിച്ച പൊന്നിനെക്കാൾ വിലയേറിയ വിശ്വാസവും, നഗ്നതയെ നിശ്ശേഷം നീക്കികളയുന്ന വെള്ളയുടുപ്പും, കാഴ്ച ലഭിക്കുന്നതിനുള്ള ലേപവും വിലകൊടുത്തു വാങ്ങണം. വാതില്ക്കൽ മുട്ടുന്ന കർത്താവിന്റെ ശബ്ദം കേട്ട് അവനുവേണ്ടി വാതിൽ തുറന്നു കൊടുക്കണം. മാനുഷ്യശരീകരണങ്ങളെയും, മാനുഷ്യ കല്പനകളേയും, നാനാവിധമായ ദുരുപദേശങ്ങളെയും പാപത്തിന് അധീനമായി തീരാവുന്ന എല്ലാ സ്വഭാവങ്ങളെയും ജഡത്തെ സന്തോഷിപ്പിക്കുന്ന ഭൗതികമായ എല്ലാ സുഖങ്ങളേയും തീരെ വിലയില്ലാത്തതായി കണക്കാക്കി പിഴുതെറി

ഞ്ഞിട്ട്, ആ സ്ഥാനത്ത് കർത്താധി കർത്താവിൻെറ കർത്തൃത്വത്തിനായി നമ്മെ ഏല്പിച്ചു കൊടുക്കുക: രക്ഷിക്കപ്പെടുക- എന്നാൽ "നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോട് കൂടെ തേജസ്സിൽ വെളിപ്പെടും" (കൊലൊ. 3:4). ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിങ്കൽ മേഘത്തിലേക്ക്- അവനോടുകൂടെ എടുക്കപ്പെടുകയും ശേഷം പിതാവിനോടൊത്ത് ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിൽ വാഴുകയും ചെയ്യും.

"ആത്മാവു സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ" (വെളി. 3:22).

കർത്താവ് സഭകൾക്ക് നല്കുന്ന ദൂതുകൾക്കായി മനുഷ്യർ ചെവി തുറക്കണമെന്നുള്ളത് ഏററവും ആവശ്യമായ ഒന്നാണ്. അത് രക്ഷിക്കപ്പെടുന്നതിന് നിർബന്ധവുമായ കാര്യമാണ്. കേൾക്കുകയും വിശ്വസിക്കയും അനുസരിക്കുകയും ചെയ്യണം. വെളിപ്പാടു പുസ്തകത്തിൽ കർത്താവ് സഭകൾക്ക് കൊടുക്കുന്ന ദൂതിലൂടെ അന്നും ഇന്നും ഇനിയും പുനഃസ്ഥാപിക്കാനുള്ള ക്രിസ്തുവിൻെറ സഭകളുടേയും, സമുദായ വിഭാഗങ്ങളുടേയും മററെല്ലാ പ്രസ്ഥാനങ്ങളുടേയും നേരെ വിരൽ ചൂണ്ടുകയാണ് ചെയ്യുന്നത്. കർത്താവിൻെറ ഉപദേശങ്ങളും, നിർദ്ദേശങ്ങളും, മുന്നറിയിപ്പുകളും നമ്മുടെ ജീവിതവുമായി അനുരൂപപ്പെടുകയും വേണം. നാമും, വരും തലമുറയും യേശുക്രിസ്തുവിൻെറ വിലയേറിയ ദൂതുകൾ കേട്ട് അനുസരിക്കുവാൻ ചെവി തുറന്നു കൊടുക്കുമോ....? "ഇന്നു നിങ്ങൾ അവൻെറ ശബ്ദം കേൾക്കുന്നു എങ്കിൽ ....... നിങ്ങളുടെ ഹൃദയത്തെ കഠിനമാക്കരുത്" (സങ്കീ. 95:8).

(അവസാനിച്ചു)

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker, Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2 30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth - Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 80085/86/ A6, Regd. No. KL/TV (N) 88

You are Cordially Invited
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meade Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**

Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To